സി.പി(3) 2435/2020

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി:08.05.2020
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ-0471-2330726/2331891

## സർക്കുലർ നമ്പർ: 34/2020

വിഷയം:- സഹകരണ വകുപ്പ്- ആഡിറ്റ് 2019-2020- കോവിഡ് 19-രോഗവ്യാപന പശ്ചാത്തലത്തിൽ കുടിശ്ശിക വായ്പ, കുടിശ്ശിക വായ്പാപലിശ എന്നിവകളിലെ കരുതൽവയ്ക്കുന്നതിൽ ഇളവ് നൽകുന്നത്-സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 10.12.2007 തീയതിയിലെ 40/2007 നമ്പർ സർക്കുലർ

കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവകളിലെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകൾക്കും, വായ്പകളിലെ കുടിശ്ശിക പലിശയ്ക്കും ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുനഃനിശ്ചയിച്ച് സൂചന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ കോവിഡ്-19 രോഗവ്യാപനവും തുടർന്നുള്ള സമ്പൂർണ്ണ അടച്ചിടലും സംസ്ഥാനത്തിന്റെ ഉത്പാദന വ്യാപാരമേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടായിരിക്കുകയാണെന്നും, വായ്പാകുടിശ്ശികയും വായ്പകളിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർദ്ധിച്ചിരിക്കുകയാണെന്നും, കുടിശ്ശിക വായ്പയ്ക്കും, കുടിശ്ശികപ്പലിശയ്ക്കും നിലവിലെ മാനദണ്ഡപ്രകാരം ആഡിറ്റിൽ കരുതൽ വയ്ക്കുമ്പോൾ ടി സംഘങ്ങൾ ഭീമമായ നഷ്ടത്തിലാവുമെന്നും, കോവിഡ്-19 രോഗവ്യാപനം സംസ്ഥാനത്തെ സഹകരണമേഖലയിൽ ഉണ്ടാക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷത വർദ്ധിപ്പിക്കാനിത് ഇടവരുത്തുമെന്നും, ആകയാൽ 2019-20 വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയ്ക്കും കരുതൽവയ്ക്കുമ്പോൾ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കണമെന്നുമുള്ള ആവശ്യം സഹകാരികളിൽ നിന്ന് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ 2019-20 വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയ്ക്കും കരുതൽവയ്ക്കുന്നതിൽ ചുവടെ പരാമർശിക്കുന്ന ഇളവുകൾ അനുവദിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 1 വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 10% കരുതൽ 5% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

2) വസ്തുജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 50% കരുതൽ 30% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

3) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 100% കരുതൽ 80% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

4) കുടിശ്ശിക പലിശയ്ക്ക് 100% കരുതൽവയ്ക്കണമെന്ന് സൂചന സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ അവസാനത്തെ 3 മാസത്തെ കുടിശ്ശിക പലിശയെ കരുതൽവയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

5) 2019-20 വർഷത്തെ ആഡിറ്റിൽ വായ്പാ കുടിശ്ശികയ്ക്കും വായ്പയിന്മേലുള്ള പലിശ കുടിശ്ശികയ്ക്കും കരുതൽവയ്ക്കുന്നതിൽ അനുവദിച്ചിട്ടുള്ള ക്രമനമ്പർ (1) മുതൽ (4) വരെ പരാമർശിക്കുന്ന ഇളവുകൾ സൂചന സർക്കുലർ പ്രകാരം കരുതൽ വയ്ക്കുന്നതുകൊണ്ട് മാത്രം 2019-20 വർഷം നഷ്ടം കാണിക്കുന്ന സംഘങ്ങൾക്ക് ബാധകമാക്കേണ്ടതും അപ്രകരമല്ലാത്ത സംഘങ്ങൾക്ക് സൂചന സർക്കുലർ മാനദണ്ഡങ്ങൾ തന്നെ തുടരേണ്ടതുമാണ്.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽവരാത്തതുമായ എല്ലാ വായ്പാ നൽകുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും മേൽ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.എന്നാൽ ദീർഘകാല ഭവന/കാർഷിക വായ്പകുടിശികയ്ക്ക് മേൽ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല.

2019-20 വർഷത്തെ ആഡിറ്റ് മേൽ മാനദണ്ഡങ്ങളും, സൂചന സർക്കുലറിലെ ഇതര വ്യവസ്ഥകളും പാലിച്ച് കൊണ്ടാവണം പൂർത്തീകരിക്കേണ്ടത്. ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
അലക്സാണ്ടർ.എ ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്**

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
3) എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
4) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും

6) എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
7) സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് )
8) സഹകരണ ജർണൽ (പ്രസിദ്ധീകരണത്തിന് )
9) വെബ് സൈറ്റ്(പ്രസിദ്ധീകരണത്തിന് )
10) സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)